കോളേജ് പെരിന്തൽമണ്ണ, ബി.ജെ.എം ഗവൺമെന്റ് കോളേജ് ചാവറ, ഗവൺമെന്റ് കോളേജ് കല്പറ്റ എന്നീ കോളേജുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ സാമ്പത്തിക വർഷം ഗവൺമെന്റ് കോളേജ് എളേരിത്തട്ട്, ഗവൺമെന്റ് കോളേജ് മൊകേരി, ഗവൺമെന്റ് കോളേജ് ചാലക്കുടി, ഗവൺമെന്റ് കോളേജ് അറ്റിങ്ങൽ, ഗവൺമെന്റ് കോളേജ് പേരാമ്പ്ര, എന്നീ കോളേജുകളെ ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരത്തെ വിലയിരുത്തുന്നത് നാക് റേറ്റിംഗിന്റെ അടിസ്ഥാനത്തിലാണ്. അക്രഡിറ്റേഷൻ ലഭിക്കണമെങ്കിൽ കോളേജുകൾ നവീകരിച്ച് പശ്ചാത്തല സൗകര്യ വികസനം, അക്കാദമിക് ഉയർച്ച, നൂതന ലാബ്/ ലൈബ്രറി സൗകര്യങ്ങൾ, സെമിനാർ ഹാൾ, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും മെച്ചപ്പെട്ട ഭൗതിക സാഹചര്യം എന്നിവ ഒരുക്കേണ്ടതുണ്ട്. കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ കോളേജുകളുടെ അടിസ്ഥാനസൗകര്യങ്ങളും മറ്റു ഭൗതിക സാഹചര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തികളാണ് ചെയ്തു വരുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതി ഈ സ്കീമിൽ തെരഞ്ഞെടുക്കപ്പെട്ട കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് സഹായകമാകാം.

കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം

122 (7080)ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം കോളേജുകളിലാണ് പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കാനുദ്ദേശിക്കുന്നത് ;

(ഡി) കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ) കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം 2012-13 സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 ഗവൺമെന്റ് ആർട്ട്സ് & സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യവികസനമാണ് കോളേജ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം (CIUP) മുഖേന ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കണ്ടെത്തുവാനും അവയെ കാലോചിതമായി മെച്ചപ്പെടുത്തുവാനുമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

(സി) 2012-13 വർഷം താഴെപ്പറയുന്ന കോളേജുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1. ഗവ. ആർട്ട്സ് & സയൻസ് കോളേജ്, കോഴിക്കോട്
2. ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം.
3. ഗവ.കോളേജ്, കാര്യവട്ടം.
4. ഗവ. കോളേജ്, ആറ്റിങ്ങൽ.
5. ഗവ. കോളേജ്, കട്ടപ്പന.
6. ഗവ. കോളേജ്, ചാലക്കുടി.
7. ഗവ. കോളേജ്, കൊഴിഞ്ഞാമ്പാറ.
8. ഗവ. കോളേജ്, മലപ്പുറം.
9. ഗവ. കോളേജ്, തിരൂർ.
10. ഗവ. കോളേജ്, പേരാമ്പ്ര.
11. ഗവ. കോളേജ്, മാനന്തവാടി
12. കെ.എം.എം. ഗവ. വിമൻസ് കോളേജ്, കണ്ണൂർ.
13. ഗവ.കോളേജ്, തൃപ്പൂണിത്തുറ.
14. ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.
15. പി.റ്റി.എം. ഗവ.കോളേജ്, പെരിന്തൽമണ്ണ.
16. ഗവ. ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തലശ്ശേരി.
17. ഗവ. കോളേജ്, നെടുമങ്ങാട്.
18. ഗവ. കോളേജ്, കോട്ടയം
19. ഗവ. കോളേജ്, മണിമലക്കുന്ന്.
20. ഗവ. കോളേജ്, ചിറ്റൂർ.
21. ഗവ. കോളേജ്, കൊയിലാണ്ടി.
22. ഗവ. കോളേജ്, ഗൂഡല്ലൂർ.
23. ഗവ. കോളേജ്, കൽപ്പറ്റ.
24. ഗവ. കോളേജ്, കോടഞ്ചേരി.

LIBRARY ARCHIVES Kerala Legislative Assembly

25. ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി.

26. ഗവ. കോളേജ്, കാസർഗോഡ്.

27. ഗവ. കോളേജ്, മഞ്ചേശ്വരം.

28. ഇ.കെ.എൻ.എം ഗവ.കോളേജ് ഏലേരിത്തട്ട്.

29. ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, കോഴിക്കോട്.

30. ഗവ. കോളേജ്, മൂന്നാർ.

31. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്.

(ഡി) കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പരിപാടികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കോളേജുകളുടേയും, ഹോസ്റ്റലുകളുടേയും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ.

2. ചെറുകിട നിർമ്മാണ പ്രവർത്തനങ്ങൾ.

3. കളിസ്ഥലങ്ങളുടെ അറ്റകുറ്റപ്പണികൾ.

4. കോളേജുകളുടെ പൈതൃക സംരക്ഷണം.

5. ബോബ് ഓറിയന്റ് ആന്റ് ഓൺ കോഴ്സുകൾ.

6. സ്റ്റുഡന്റ് അമിനിറ്റീസ്.

വിദ്യാർത്ഥി രാഷ്ട്രീയം സംബന്ധിച്ച് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം

123 (7091)ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എഫ്.ഐ., കെ.എസ്.യു., എ.ബി.വി.പി., എ.ഐ.എസ്.എഫ്. എന്നീ സംഘടനകൾക്ക് കോളേജ് കാമ്പസുകളിൽ പ്രവർത്തിക്കാൻ നിയമപരമായോ ഭരണഘടനാപരമായോ അവകാശമില്ലെന്ന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻ ബഹു. ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ :

(ബി) രാഷ്ട്രീയപ്രവർത്തനം നടത്തില്ല എന്ന് വിദ്യാർത്ഥികളിൽനിന്നും രക്ഷിതാക്കളിൽനിന്നും രേഖാമൂലം എഴുതിവാങ്ങും എന്ന് സത്യവാങ്മൂലത്തിൽ പറയുന്നുണ്ടോ ;

(സി) സർക്കാർ നിർദ്ദേശാനുസരണമാണോ ഈ ഉദ്യോഗസ്ഥൻ പ്രസ്തുത സത്യവാങ്മൂലം നൽകിയതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly